കഥ

**സന്തോഷ് കുമാർ പുളിയോട്ടുമുക്ക്**



# കത്തുന്ന തളിരിലകൾ

കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങിയാണ് അവൻ എഴുതാനിരുന്നത്. സ്വത്വം നഷ്ടപ്പെട്ട ഇന്നലെകളുടെ യുവത്വത്തിൽ അവൻ എന്തെല്ലാമോ പുലമ്പിയിരുന്നെന്ന് അവർക്കറിയാമായിരുന്നു. മനോരമ്യങ്ങളായ വർണങ്ങൾ പൂക്കളായും കിളികളായും സ്വപ്നമായും പ്രണയിനിയായും ഉയർന്നു പറന്നിരുന്ന ഗ്രാമത്തിന്റെ സമ്പന്നതയിൽ നിന്നും നിഷ്കളങ്കതയിൽ നിന്നും അവൻ പറിച്ചു നടപ്പെട്ടത് അവർ ഗൗനിച്ചതേ ഇല്ല.

നിർബന്ധം സഹിക്കവയ്യാതായപ്പോൾ അടച്ചിട്ട എ സി റൂമിനകത്ത് മനസ്സുകൊണ്ട് നിർമ്മിച്ച ഗ്രാമസൗന്ദര്യത്തിൽ അവൻ എഴുതാനിരുന്നു.

എവിടെ...?

ആമ്പലുകളും വണ്ടുകളും നിറഞ്ഞ പൊയ്കകളും അരുവികളും?

ഓണപ്പാട്ടിന്റെയും മാപ്പിളപ്പാട്ടിന്റെയും മാർഗ്ഗംകളിയുടെയും ഒരുമയും ആഹ്ളാദവും എങ്ങോ മറഞ്ഞിരിക്കുന്നു.

കുന്നുകളും കാവുകളും പിഴുതെറിയപ്പെട്ട് അസ്തിത്വത്തിനായി കേഴുന്നു.

ഒരിറ്റ് ദാഹജലത്തിനായുള്ള നദികളുടെ വിലാപം.

ഉയർന്നു കേൾക്കുന്നത് സ്നേഹവും വാത്സല്യവും കൊണ്ട് വീർപ്പുമുട്ടേണ്ട ബാല്യത്തിന്റെ നിലവിളികൾ. അമ്മയെ കാത്ത് വഴിയിലേക്ക് കണ്ണുംനട്ടിരിക്കുന്ന മകൾ. മകളെ ഇല്ലാതാക്കാൻ കാമുകനെ അയക്കുന്ന അമ്മ.

മുറ്റത്തെ ആഞ്ഞിലിക്കൊമ്പിലിരുന്ന മഞ്ഞക്കിളികളോട് അന്ന് കൂടുതലും അവൾ സംസാരിച്ചത് അമ്മയെക്കുറിച്ചായിരുന്നു.

അവൾ അമ്മയെ അത്രയേറെ സ്നേഹിച്ചിരുന്നു.

ജീവനെടുക്കുന്ന അടിയേറ്റു വീണപ്പോൾ അമ്മയെ വിളിച്ചായിരുന്നു അവൾ കരഞ്ഞത്.

മകന്റെ കൈകാലുകൾ തല്ലിയൊടിച്ച് മുഖത്തേക്ക് തിളച്ച വെള്ളം കോരിയൊഴിക്കുന്ന അച്ഛൻ.

ഹേ. മനുഷ്യാ നിന്നെ എന്തു വിശേഷണം ചേർത്ത് വിളിക്കാം....????

പരിണാമത്തിന്റെ ഏതോ ഒരു ദശയിൽ മറ്റൊരു ജീവി വർഗം ഉയർന്നുവരികയും അവർ ഭൂമിയിലെ ജീവജാലങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഭീകരവും നികൃഷ്ടവുമായ ജീവിയായി മനുഷ്യനെ കണ്ടെത്തുകയും ചെയ്യുന്നത് അവൻ സന്തോഷത്തോടെ സങ്കൽപിച്ചു.

പെരുത്ത തലയിൽ നിന്ന് ഇറങ്ങിയോടാൻ ശ്രമിച്ച ബോധത്തിന്റെ നേർത്ത നൂലിനെ തിരികെ പിടിച്ച് അവൻ എഴുതാനിരുന്നു.

തുടക്കത്തിനായി തീ തുപ്പുന്ന വാക്കുകൾ തന്നെ അവൻ കണ്ടെടുത്തു.

രോഷത്തിന്റെ സകല ശക്തിയും വിരൽത്തുമ്പിൽ ആവാഹിച്ച് ആദ്യവാക്ക് എഴുതാൻ ശ്രമിച്ചു.

അക്ഷരങ്ങളെ മാറോട് പുണർന്ന് നിർവൃതി കൊള്ളാൻ വെമ്പിയ കടലാസിൽ അക്ഷരങ്ങളെ നൽകാൻ പേന വൈമുഖ്യം കാട്ടിയപ്പോൾ അവൻ അതിനെ നോക്കി.

ഇന്നലെ വാങ്ങിയ പേന. മഷി മുഴുവൻ വറ്റിപ്പോയിരിക്കുന്നു...!

എഴുതാനിരുന്നപ്പോൾ നിറയെ മഷിയുണ്ടായിരുന്നെന്ന് അവനോർത്തു.

"നിന്റെ ചിന്തകൾ, യാഥാർഥ്യങ്ങൾ എന്നെ തിളപ്പിക്കുന്നു. ഇതാ ഞാൻ മുഴുവനായി വറ്റിയിരിക്കുന്നു; ഒരക്ഷരം പോലും നിനക്ക് തരാനാവാത്ത വിധത്തിൽ. ഇനി എന്റെ ദേഹം പോലും ദഹിക്കുന്നതിനു മുമ്പ് നീ എന്നെ ഉപേക്ഷിക്കുക. അല്ലെങ്കിൽ ചിന്തകളെ."

അവൻ വീണ്ടും വീണ്ടും പേനയെ നോക്കി.

ഒടുവിൽ...

മണലാരണ്യത്തിന്റെ തപിക്കുന്ന ഹൃദയത്തിലേക്ക് അവൻ ഊളിയിട്ടു.

■

കവിത



# കീറത്തുണി

ഇഗ്നേഷ്യസ് കിത്തോളസ്

തെരഞ്ഞു നടന്നെത്തപ്പെട്ടത് മരുഭൂമിയിൽ,
മണലും മദം പൊട്ടിയ വെയിലും പുരണ്ട്
ഉരുകിയൊഴുകി മുന്നോട്ട്.
പിന്നിൽ കണ്ണീർക്കുടുക്കയുടച്ച് കാത്തിരിപ്പുണ്ട് പലരും,
തൊഴുത്തു വീട്ടിൽ, പശുക്കളും കറവ വറ്റിയ മനുഷ്യരും,
കരകയറാൻ കൊതിച്ച്...
തീ തുപ്പുന്ന മണൽക്കുന്നുകളെ കടഞ്ഞ് കടഞ്ഞ്
പൊട്ടാത്ത കയറായി, അമൃതായി...
കോലാട്ടിൻ കുട്ടികൾ അമ്മിഞ്ഞ മുകരുമ്പോൾ
മക്കളെയോർത്തു തുടിച്ചും,
കരിമുട്ടന്മാർ തമ്പേറിയാടുമ്പോൾ
കഴുതയെപ്പോലെ കരഞ്ഞും
കാലമൊരൊട്ടകച്ചുവടിൽ മുന്നേറുന്നു
ഒരു നര, ഇരു നര, നരനിര!
മുതുകൊരു ചോദ്യചിഹ്നം പോലെ ആകവേ
നാടുകടത്തപ്പെടേണ്ടവരുടെ വരിയിൽ നിർത്തപ്പെട്ടു.
പത്തേമാരിയിൽ കടൽകടന്നതിന്റെ മറുപുറം,
കാത്തുനിൽക്കാൻ ആരുമില്ലാത്ത വിരുന്നെത്തൽ,
വയറ്റിൽ പാതി മണിമാളികയായ് കണ്ടു, അന്തിച്ചു
തിളക്കമുള്ള തറയിൽ പൊട്ടിപ്പൊളിഞ്ഞ പാദമേറാൻ ആമന്ദിച്ചു
പുത്തനുടുപ്പിൽ കീറത്തുണി
ചേർത്തപോലെ സങ്കോചിച്ചു.

●